**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 185** **23-02-2026 - ൽ മറുപടിയ്ക്ക്**

**നികുതിചോർച്ച ഒഴിവാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. എൻ. ഷംസുദ്ദീൻ,<br>ശ്രീ. എൻ. എ. നെല്ലിക്കുന്ന് ,<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വ്യാജ ജി.എസ്.ടി. രജിസ്ട്രേഷൻ ഉപയോഗിച്ച് നികുതി വെട്ടിപ്പുകൾ നടത്തിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് വ്യാജ രേഖകൾ ഉപയോഗിച്ച് ജി.എസ്.ടി. രജിസ്ട്രേഷൻ നേടിക്കൊണ്ട് വ്യാജ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് കൈമാറ്റം ചെയ്യുന്നതായി സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജന്റ്സ് വിഭാഗം കണ്ടെത്തിയിട്ടുണ്ട്. |
| (ബി) | ഇത്തരം തട്ടിപ്പുകൾ കണ്ടെത്തുന്നതിനായി ജി.എസ്.ടി. ഇന്റലിജൻസ്, എൻഫോഴ്സ്മെന്റ് വിഭാഗങ്ങൾ പരിശോധനകൾ നടത്താറുണ്ടോ; എങ്കിൽ അടുത്തകാലത്തായി നടത്തിയ പരിശോധനകളിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ വിശദാംശം വ്യക്തമാക്കാമോ; | (ബി) | വ്യാജ ജി.എസ്.ടി. രജിസ്ട്രേഷനുകൾക്ക് എതിരെ ഓപ്പറേഷൻ പാം ട്രീ എന്ന പേരിൽ സംസ്ഥാനത്തുടനീളം 85 സ്ഥലങ്ങളിൽ പരിശോധന (സെർച്ച്) നടപടികൾ നിയമാനുസൃതമായി നടത്തുകയും അതിന്റെ അടിസ്ഥാനത്തിൽ 3 അറസ്റ്റുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത കേസുകളിൽ നികുതി വെട്ടിപ്പുമായി ബന്ധപ്പെട്ട് വിശദമായ അന്വേഷണം പുരോഗമിച്ചുവരുകയാണ്. ലഭ്യമായ തെളിവുകളുടെ അടിസ്ഥാനത്തിൽ ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കണ്ടെത്തിയ വ്യാജ രജിസ്ട്രേഷനുകൾ റദ്ദാക്കുന്നതിനും ഇൻപുട്ട് ടാക്സ് ക്രഡിറ്റ് കൈമാറ്റം ചെയ്യുന്നത് തടയുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു വരുന്നു |
| (സി) | നികുതിചോർച്ച ഒഴിവാക്കുന്നതിനായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികളെന്തൊക്കെയാണെന്ന് വിശദമാക്കാമോ? | (സി) | സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് 2023 ൽ സമഗ്രമായി പുന:സംഘടിപ്പിക്കുകയും, വകുപ്പിനെ നികുതിദായക സേവനങ്ങൾ, ഓഡിറ്റ്, ഇന്റലിജൻസ് എന്നിങ്ങനെ 3 കേന്ദ്രീകൃത വെർട്ടിക്കലുകളായി തിരിക്കുകയും ചെയ്തു. നികുതി ചോർച്ച തടയുക എന്ന ഉദ്ദേശ്യത്തോടെ പുന:സംഘടനയിലൂടെ ഓഡിറ്റ് വിഭാഗം രൂപീകരിച്ചു. 140 ഡെഡിക്കേറ്റഡ് ഓഡിറ്റ് ടീമുകൾ നികുതി ചോർച്ച തടയുന്നതിലേക്കായി നികുതിദായകരുടെ കണക്കുകൾ ആഴത്തിൽ പരിശോധിക്കുന്നു. ഓഡിറ്റ് വിഭാഗത്തിന്റെ |

| | | | |
|---|---|---|---|
| | | | പ്രവർത്തനം നികുതി പിരിവിനെ ഊർജ്ജിതപ്പെടുത്തുന്നതിനു സഹായിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ